തൊഴിൽ നഷ്ടപ്പെട്ടവർക്ക് നൽകിയ സാമ്പത്തിക സഹായം

40 [471] ശ്രീ. എഴുകോൺ നാരായണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. വി. ബാലറാം:

,, ജോർജ് ജെ. മാത്യു:

,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം തൊഴിലില്ലാതായിത്തീർന്നവരിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഇവരിൽ ഓരോരുത്തർക്കും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും ഒട്ടാകെ എന്തു തുക ഈയിനത്തിൽ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖലയിലെ ഫാക്ടറികൾ, പൂട്ടിക്കിടക്കുന്നതും സൗജന്യ റേഷൻ നൽകിയതുമായ തോട്ടങ്ങൾ, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ, സഹകരണ മേഖലയിലെ കയർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കാണ് ഈ വർഷം ഓണത്തോടനുബന്ധിച്ച് സാമ്പത്തികാനുകൂല്യങ്ങൾ നൽകിയത്.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖലാ ഫാക്ടറികളിലെ 7468 തൊഴിലാളികൾക്ക് 1000 രൂപ ക്രമത്തിലും സൗജന്യ റേഷൻ കൈപ്പറ്റുന്ന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ 9839 തൊഴിലാളികൾക്ക് 500 രൂപ നിരക്കിലും പൂട്ടിക്കിടക്കുന്ന കയർ സൊസൈറ്റികളിലെ 6564 തൊഴിലാളികൾക്ക് 200 രൂപ വീതവും പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ 11,768 തൊഴിലാളികൾക്ക് 200 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 1,60,53,900 രൂപയും വിതരണം നടത്തിയ ഇനത്തിൽ ചെലവായ 31,426 രൂപയും ഉൾപ്പെടെ ആകെ 1,60,85,326 രൂപയാണ് ചെലവായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly